# Handing over of 10 Broad Gauge Locomotives to Bangladesh

July 27, 2020

## 10 ബ്രോഡ് ഗോജ് തീവണ്ടികൾ ബംഗ്ലാദേശിന് കൈമാറ്റം ചെയ്യുന്നു

**ജൂലൈ 27, 2020**

ഇന്ന് നടന്ന കൈമാറ്റ ചടങ്ങിൽ വിദേശകാര്യ മന്ത്രി ഡോ: എസ് ജയശങ്കർ, റെയിൽവെ- വാണിജ്യ വ്യവസായ വകുപ്പ് മന്ത്രി ശ്രീ.പിയുഷ് ഗോയൽ എന്നിവർ ചേർന്ന് 10 ബ്രോഡ് ഗോജ് തീവണ്ടി എഞ്ചിനുകൾ ബംഗ്ലാദേശിലേക്ക് ഫ്ലാഗ് ഓഫ് ചെയ്തു. ചടങ്ങിൽ സംസ്ഥാന റെയിൽവേ മന്ത്രി ശ്രീ സുരേഷ് അംഗാഡി സന്നിഹിതനായിരുന്നു. ബംഗ്ലാദേശിന് വേണ്ടി റെയിൽവേ മന്ത്രി എംഡി ന്യൂറൂൾ ഇസ്ലാം സുജൻ, വിദേശ കാര്യ മന്ത്രി ഡോ: അബ്ദുൽ കലാം അബ്ദുൽ മൊമൻ എന്നിവർ ലോക്കോമോട്ടീവുകൾ സ്വീകരിച്ചു.

ഇന്ത്യൻ സർക്കാരിന്റെ സഹായത്താൽ നടന്ന എഞ്ചിനുകളുടെ കൈമാറ്റം, 2019 ഒക്ടോബറിൽ ബഹുമാനപ്പെട്ട ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ ഇന്ത്യൻ സന്ദർശനത്തിൽ നൽകിയ പ്രധാന വാഗ്ദാനത്തിന്റെ പൂർത്തീകരണമായിരുന്നു.

ബംഗ്ലാദേശ് റെയിൽവേയുടെ ആവശ്യാനുസരണം ഇന്ത്യൻ ഭാഗത്തു നിന്നും തീവണ്ടി എഞ്ചിനുകൾ പരിഷ്കരിച്ചിരുന്നു. ഈ തീവണ്ടി എഞ്ചിനുകൾ യാത്രക്കാരുടെ വർദ്ധിക്കുന്ന നിരക്ക് കൈകാര്യം ചെയ്യുന്നതിനും ബംഗ്ലാദേശിലെ ചരക്കുനീക്ക പ്രവർത്തനത്തിനും സഹായകമാകുന്നു.

ഈ അവസരത്തിൽ സംസാരിക്കുമ്പോൾ, പരസ്പര ബഹുമാനത്തിനും വിശ്വാസത്തിലും അടിയുറച്ച, ദീർഘ കാലമായി നിലനിൽക്കുന്ന ഇന്ത്യ ബംഗ്ലാദേശ് ബന്ധത്തെ വിദേശകാര്യ മന്ത്രി ഡോ: എസ് ജയശങ്കർ ഉയർത്തികാണിച്ചു. കോവിഡ് പകർച്ചവ്യാധി ഉഭയ കക്ഷി സഹകരണത്തിന്റെ തോതിൽ  കുറവ് വരുത്താത്തതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു കൂടാതെ നടന്നുകൊണ്ടിരിക്കുന്ന ചരിത്ര പ്രധാനമായ മുജീബ് ബർഷോ പോലുള്ള നാഴിക കല്ലുകൾ വീണ്ടും പ്രതീക്ഷിക്കുന്നതായും അദ്ദേഹം അറിയിച്ചു.

ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര വാണിജ്യ ബന്ധങ്ങൾ വിപുലീകരിക്കുന്നതിനും രണ്ടു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനും റെയിൽവേ മേഖലയിലെ സഹകരണം പ്രധാനമാണെന്ന് റെയിൽവേ,വാണിജ്യ വയവസായ വകുപ്പ് മന്ത്രി ശ്രീ പിയുഷ് ഗോയൽ അഭിപ്രായപ്പെട്ടു.

അടുത്തകാലയളവിൽ , കോവിഡ് 19 പകർച്ചവ്യാതിയുടെ ഫലമായി കര അതിർത്തി വഴിയുള്ള  വാണിജ്യത്തിൽ തടസങ്ങൾ നേരിട്ടപ്പോൾ, അതിന്റെ പ്രത്യഘാതങ്ങളെ പ്രതിരോധിക്കുന്നതിനായി ഇന്ത്യയും ബംഗ്ലദേശും റെയിൽ മേഖലയിലെ സഹകരണത്തിനായി ചുവട് വയ്ച്ചിരുന്നു. ചെലവ് കുറഞ്ഞതും പരിസ്ഥിതിയ്ക്ക്

അനുയോജ്യമായതുമായ ഒരു പരിഹാരമെന്ന നിലയിൽ റെയിൽവേ അതിർത്തികളിലൂടെ അവശ്യ വസ്തുക്കളുടെ ഗതാഗതത്തിന് സഹായകമാണ്. ഇരു ഭാഗങ്ങളിലെയും ഏറ്റവും കൂടുതൽ ചരക്കു തീവണ്ടികളാണ് ജൂൺ മാസത്തിൽ ഗതാഗതം നടത്തിയത്. അവശ്യസാധനങ്ങളും, അസംസ്കൃത വസ്തുക്കളും കൊണ്ട് പോകുന്നതിനു മൊത്തം 103 ട്രെയിനുകളാണ് ഉപയോഗിച്ചത് .

അടുത്തിടെ പാഴ്സൽ ,കണ്ടെയ്‌നർ ട്രെയിൻ സർവീസുകളും ഇന്ത്യയ്ക്കും ബംഗ്ലാദേശിനുമിടയിൽ തുടങ്ങിയിരുന്നു. ഇത് ഉഭയകക്ഷി വ്യാപാരത്തിന്റെ സാധ്യതകളെ ഗണ്യമായി വർധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂ ഡൽഹി**

**27 ജൂലൈ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.